"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - കൊല്ലം ചൈൽഡ് വെൽഫയർ കമ്മിറ്റി മെമ്പർ ശ്രീ.സി.കൃഷ്ണൻകുട്ടി നായർക്കെതിരെ നിയമ വകുപ്പിലെ അണ്ടർ സെക്രട്ടറി ശ്രീമതി രഷ്മി.ഐ.ബി സമർപ്പിച്ച പരാതിയിന്മേൽ ബാലനീതി മാതൃകാ ചട്ടങ്ങൾ 2016-ന്റെ ചട്ടം 15 ഉപചട്ടം 4D പ്രകാരം അന്വേഷണം നടത്തുന്നതിനായി വനിത ശിശു വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.276/2025/WCDD തീയതി,തിരുവനന്തപുരം, 12-06-2025

---

പരാമർശം:-
1. 25.03.2025 ലെ സ.ഉ(പി)നം.1/2025/വശിവിവ
2. നിയമ(ഭരണ-I) വകുപ്പിന്റെ 07-05-2025 തീയതിയിലെ AD-I(1)/130/2025-LAW നമ്പർ അനൗദ്യോഗിക കുറിപ്പ്

**ഉത്തരവ്**

കൊല്ലം ചൈൽഡ് വെൽഫയർ കമ്മിറ്റി മെമ്പർ ആയി പരാമർശം (1) പ്രകാരം നിയമിതനായ ശ്രീ.സി.കൃഷ്ണൻകുട്ടി നായർ 23-04-2025-ാം തീയതി ഓഫീസ് സമയം അവസാനിക്കാറായ സമയം ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ നിയമ വകുപ്പിലെ അണ്ടർ സെക്രട്ടറി ശ്രീമതി രഷ്മി.ഐ.ബി-യുടെ ക്യാബിനിൽ നേരിട്ടെത്തി, കുട്ടികളുടെ വെൽഫെയറിനായി പ്രവർത്തിക്കുന്ന ഒരു ചൈൽഡ് വെൽഫെയർ കമ്മിറ്റി അംഗത്തിന്റെ പദവിക്കു ചേരാത്തവിധത്തിൽ മോശമായി പെരുമാറുകയും സംസാരിക്കുകയും ഓഫീസിലെ സമാധാന അന്തരീക്ഷം തകർക്കുകയും ഔദ്യോഗിക കൃത്യനിർവ്വഹണത്തിനു തടസ്സമുണ്ടാക്കുകയും അനുകൂലമായ വിധത്തിൽ നിയമാഭിപ്രായം എഴുതുന്നതിന് സർക്കാരിനു കീഴിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തി നിർബന്ധിക്കുകയും ഭയരഹിതമായും നിഷ്പക്ഷമായും ജോലി ചെയ്യുന്നതിനുള്ള ഉദ്യോഗസ്ഥരുടെ അവകാശം തടസ്സപ്പെടുത്തുകയും ഉദ്യോഗസ്ഥരുടെ മനോവീര്യം തകർക്കുന്ന തരത്തിൽ പെരുമാറുകയും ചെയ്തു എന്ന ആരോപണങ്ങൾ ഉന്നയിച്ചു നിയമ വകുപ്പിലെ അണ്ടർ സെക്രട്ടറി ശ്രീമതി രഷ്മി.ഐ.ബി- പരാമർശം (2) പ്രകാരം ലഭ്യമാക്കിയ നിവേദനം സർക്കാർ വിശദമായി പരിശോധിച്ചു.

2.ബാലനീതി മാതൃകാ ചട്ടങ്ങൾ 2016-ന്റെ ചട്ടം 15 ഉപചട്ടം 4D പ്രകാരം കമ്മിറ്റിയിലെ ചെയർപേഴ്സൺ-ന്റെയോ എതെങ്കിലുമൊരു അംഗത്തിന്റെയോ എതിരെ എന്തെങ്കിലും ഒരു പരാതി ലഭിച്ചാൽ, ഒരു അന്വേഷണം നടത്തി ഉചിതമായ നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, കൊല്ലം ചൈൽഡ് വെൽഫയർ കമ്മിറ്റി മെമ്പർ ശ്രീ.സി.കൃഷ്ണൻകുട്ടി നായർക്കെതിരെ നിയമ വകുപ്പിലെ അണ്ടർ സെക്രട്ടറി ശ്രീമതി രഷ്മി.ഐ.ബി പരാമർശം (2) പ്രകാരം സമർപ്പിച്ച പരാതിയിന്മേൽ ബാലനീതി മാതൃകാ ചട്ടങ്ങൾ 2016-ന്റെ ചട്ടം 15 ഉപചട്ടം 4D പ്രകാരം അന്വേഷണം നടത്തുന്നതിന് വനിത ശിശു വികസന വകുപ്പ് അഡീഷണൽ

സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

CHITRA R S

അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്

അഡിഷണൽ സെക്രട്ടറി, വനിത ശിശു വികസന വകുപ്പ്

നിയമ (ഭരണ) വകുപ്പ്

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)

സ്റ്റോക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
Date: 12-06-2025 15:57:12

സെക്ഷൻ ഓഫീസർ